# മധ്യകാല ഇന്ത്യ രാജസങ്കല്പവും ഭരണ രീതിയും

**Que.1.**

A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ ക്രമപ്പെടുത്തി എഴുതുക.

| | A | | B |
|---|---|---|---|
| i) | കമ്പോള പരിഷ്കരണ | - | കൃഷ്ണദേവരായർ |
| ii) | മാൻസബ്ദാരി സമ്പ്രദായം | - | അലാവുദ്ദീൻ ഖൽജി |
| iii) | അഷ്ടപ്രധാൻ | - | അക്ബർ |
| iv) | അമുക്തമാല്യദ | - | ശിവജി |

**Marks : (4)**

**Ans.**

i) അലാവുദ്ദീൻ ഖൽജി

ii) അക്ബർ

iii) ശിവജി

iv) കൃഷ്ണദേവരായർ

**Que.2.** 'വിപുലമായ ഒരു മന്ത്രിസഭയുടെ പിന്തുണയുള്ള കേന്ദ്രീകൃത ഭരണമാണ് മറാത്തയിലുണ്ടായിരുന്നത്' . സമർത്ഥിക്കുക.

**Marks : (6)**

**Ans.**

- അഷ്ടപ്രധാൻ വിശദീകരിക്കുന്നു

  (പേഷ്വ, ന്യായാധ്യക്ഷൻ, അമാത്യൻ, സചിവൻ, മന്ത്രി, പണ്ഡിതറാവു, സുമന്ത്, സേനാപതി)

- ഭരണത്തിന്റെ മുഴുവൻ നിയന്ത്രണവും രാജാവിന്.
- ശക്തമായ രഹസ്യാന്വേഷണ സംവിധാനം.
- പ്രാദേശികഭരണം

(അഷ്ടപ്രധാനും ചുമതലകളും വിശദമാക്കുന്നതിന് 4 സ്കോർ, കേന്ദ്രീകൃതഭരണമാണെന്ന് സമർത്ഥിക്കുന്നതിന് 2 സ്കോർ)

**Que.3.** രാജ്യത്തെ മണ്ഡലങ്ങൾ, വളനാടുകൾ, നാടുകൾ, കൊട്ടം എന്നിങ്ങനെ വിഭജിച്ചിരുന്നത് ഏത് ഭരണത്തിലായിരുന്നു?

(സൽത്തനത്ത് ഭരണം, ചോളഭരണം, മുഗൾഭരണം, മറാത്തഭരണം)

**Marks : (1)**

**Ans.** ചോളഭരണം

**Que.4.** അഷ്ടപ്രധാൻ എന്ന സമിതിയിൽ വിദേശകാര്യ ചുമതലയുള്ള മന്ത്രി?

(സുമന്ത്, അമാത്യൻ, പേഷ്വ, സചിവൻ)

**Marks : (1)**

**Ans.** സുമന്ത്

**Que.5.** ഇബാദത്ത് ഖാന യിൽ നടന്ന ചർച്ചകളുടെ സാരാംശം ഉൾക്കൊണ്ട് അക്ബർ ചക്രവർത്തി രൂപപ്പെടുത്തിയ അശയസംഹിത ഏത്?

(ബാദ്ഷ-ഇ-ഹിന്ദ്, ദിൻ-ഇ-ഇലാഹി, മാൻസബ്ദാരി, ജാഗിർദാരി)

**Marks : (1)**

**Ans.** ദിൻ-ഇ-ഇലാഹി

**Que.6.** സൽസനത്ത് ഭരണകാലത്ത് നടപ്പിലാക്കിയ കേന്ദ്രീകൃത ഭരണരീതിയുടെ സവിശേഷതകൾ എന്തെല്ലാം?

**Marks : (4)**

**Ans.**

- തുർക്കി പാരമ്പര്യത്തിന്റെ സ്വാധീനം

- ഭരണത്തിന്റെ തലവൻ സുൽത്താൻ
- ഖലീഫയുടെ നേതൃത്വം അംഗീകരിച്ചിരുന്നു
- ശക്തമായ സൈന്യം
- ഭരണസൗകര്യത്തിനായി രാജ്യത്തെ വിഭജിച്ചു

**Que.7.** മൊഗാളൈ പ്രദേശത്തുനിന്നും പിരിച്ചെടുത്തിരുന്ന നികുതികൾ ഏവ?

**Marks : (2)**

**Ans.**

- ചൗത്
- സർദേശ്മുഖി

**Que.8.** സ്വരാജ്യ മൊഗാളൈ എന്നിവ തമ്മിലുള്ള വ്യത്യാസം എഴുതുക.

**Marks : (2)**

**Ans.** a. സ്വരാജ്യ – മറാത്തക്കാരുടേതായ ഭൂപ്രദേശം

b. മൊഗാളൈ - ആക്രമിച്ച് കീഴടക്കി മറാത്തസാമ്രാജ്യത്തോട് കൂട്ടിച്ചേർത്ത പ്രദേശം.

**Que.9.** ചോളഭരണകാലത്തെ ഗ്രാമസ്വയംഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസനം ഏത്?

**Marks : (1)**

**Ans.** ഉത്തരമേരൂർ ശാസനം

**Que.10.** ശിവജിയെ ഭരണത്തിൽ സഹായിച്ചിരുന്ന അഷ്ടപ്രധാൻ എന്ന സമിതിയിലെ ചില അംഗങ്ങളെ ചുവടെ നൽകിയിരിക്കുന്നു. അവരുടെ ചുമതലകൾ എഴുതുക.

a. പേഷ്വ

b. സുമന്ത്

c. അമാത്യൻ

d. പണ്ഡിതറാവു

**Marks : (4)**

**Ans.**

a. പേഷ്വ - പ്രധാനമന്ത്രി

b. സുമന്ത് - വിദേശകാര്യം

c. അമാത്യൻ - ധനകാര്യം

d. പണ്ഡിതറാവു - മതകാര്യവും ദാനധർമ്മവും

**Que.11.** ചോളഭരണകാലത്ത് ഉദ്യോഗസ്ഥൻമാർക്ക് രാജശാസനങ്ങൾ എത്തിച്ചുകൊടുത്തിരുന്നത് ആര്?

**Marks : (1)**

**Ans.** ഒലൈനായകം

**Que.12.** മാൻസബ്ദാരി സമ്പ്രദായത്തിലെ മാൻസബിന്റെ രണ്ട് ഉപവിഭാഗങ്ങളായ സത്, സവർ എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്?

**Marks : (2)**

**Ans.**

- സത് - സൈന്യത്തിൽ ഒരു വ്യക്തിയുടെ സ്ഥാനവും വേതനവും സൂചിപ്പിക്കുന്നു.
- സവർ - ഒരാൾ സംരക്ഷിക്കേണ്ട കുതിരപ്പടയാളികളുടെ എണ്ണം.

**Que.13.** മാൻസബ്ദാരി സമ്പ്രദായത്തിലെ ഓരോ മാൻസബിനും ഉണ്ടായിരുന്ന രണ്ട് ഉപവിഭാഗങ്ങൾ ഏതെല്ലാം?

**Marks : (2)**

**Ans.**

- സത്
- സവർ (ഓരോ സ്കോർ വീതം)

**Que.14.** ചുവടെ നൽകിയിട്ടുള്ളവയിൽ സൽത്തനത്ത് ഭരണവുമായി ബന്ധപ്പെട്ടത് ഏത്?

a) ഭരണസൗകര്യത്തിനായി രാജ്യത്തെ സുബകൾ, സർക്കാരുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.

b) ഭരണസൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ, വളനാടുകൾ, നാടുകൾ, കൊട്ടം എന്നിങ്ങനെ വിഭജിച്ചിരുന്നു.

c) ഭരണസൗകര്യത്തിനായി രാജ്യത്തെ ജില്ലകൾ (പ്രാന്തങ്ങൾ) പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ചു.

d) ഭരണസൗകര്യത്തിനായി സാമ്രാജ്യത്തെ പ്രവിശ്യകൾ, ഷിഖുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.

**Marks : (1)**

**Ans.** d) ഭരണസൗകര്യത്തിനായി സാമ്രാജ്യത്തെ പ്രവിശ്യകൾ, ഷിഖുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.

**Que.15.** ശിവജിയെ ഭരണത്തിൽ സഹായിച്ചിരുന്ന അഷ്ടപ്രധാൻ എന്ന സമിതിയിലെ സചിവൻ റെ ചുമതലയെന്ത്?

a) മതകാര്യം, ദാനധർമ്മം എന്നിവ

b) സൈനികപരമായ കാര്യങ്ങൾ

c) ന്യായാധിപന്റെ ചുമതല

d) രാജകീയ കത്തിടപാടുകളുടെ ചുമതല.

**Marks : (1)**

**Ans.** d) രാജകീയ കത്തിടപാടുകളുടെ ചുമതല.

**Que.16.** മുഗൾകാലഘട്ടത്തെ ഭരണവ്യവസ്ഥയെക്കുറിച്ച് അറിയാൻ സഹായിക്കുന്ന പ്രധാന സ്രോതസ്സുകളിലൊന്നായ അക്ബർ നാമ എന്ന ഗ്രന്ഥം രചിച്ചതാര്?

**Marks : (1)**

**Ans.** അബ്ദുൽ ഫസൽ

**Que.17.** മാൻസബ്ദാരി സമ്പ്രദായവുമായി ബന്ധപ്പെട്ട് രണ്ട് പദങ്ങളാണ് സത്, സവർ എന്നിവ. സത് എന്നത് സൈന്യത്തിൽ ഒരു വ്യക്തിയുടെ സ്ഥാനം സൂചിപ്പിക്കുന്നു. എന്നാൽ സവർ സൂചിപ്പിക്കുന്നതെന്ത്?

a) ശബളത്തിന് പകരം ഭൂമിനൽകുന്ന സമ്പ്രദായം

b) ഭൂമിയുടെ നികുതിപിരിക്കുന്ന രീതി

c) ഒരാൾ സംരക്ഷിക്കേണ്ട കുതിരപ്പടയാളികളുടെ എണ്ണം

d) മറ്റുള്ളവയിൽ നിന്ന് പിടിച്ചെടുക്കുന്ന ഭൂപ്രദേശം

**Marks : (1)**

**Ans.** c) ഒരാൾ സംരക്ഷിക്കേണ്ട കുതിരപ്പടയാളികളുടെ എണ്ണം

**Que.18.** മധ്യകാല ഇന്ത്യയിലെ ഭരണവുമായി ബന്ധപ്പെട്ട സൂചനകൾ നല്കുന്ന പ്രസ്താവനകൾ ചുവടെ കൊടുത്തിരിക്കുന്നു. ഈ പ്രസ്താവനകൾ ഏത് ഭരണവുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തുക.

a) സ്വയംഭരണാധികാരമുള്ള ഗ്രാമങ്ങളുടെ സമൂഹമായിരുന്നു കൊട്ടം.

b) പരമ്പരാഗതമായി ഉദ്യോഗം വഹിച്ചുപോന്ന അയ്യഗാർമാരാണ് ദൈനംദിന ഗ്രാമഭരണം നിർവ്വഹിച്ചിരുന്നത്.

c) സ്വരാജ്യ, മൊഗളൈ എന്നിങ്ങനെ രാജ്യത്തെ വിഭജിച്ചിരുന്നു.

d) പ്രവിശ്യകൾ, ഷിഖുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ സാമ്രാജ്യത്തെ തരംതിരിച്ചിരുന്നു.

(മറാത്തഭരണം, ചോളഭരണം, സൽത്തനത്ത് ഭരണം, വിജയനഗര സാമ്രാജ്യം, മുഗൾഭരണം)

**Marks : (4)**

**Ans.** a. ചോളഭരണം

b. വിജയനഗര സാമ്രാജ്യം

c. മറാത്തഭരണം

d. സൽത്തനത്ത് ഭരണം

**Que.19.** ഭരണസ്ഥിരതയും മതസൗഹാർദ്ദവും വളർത്തുന്നതിന് അക്ബർ ചക്രവർത്തി സ്ഥാപിച്ച 'ദിൻ-ഇ-ഇലാഹി' എത്രമാത്രം സഹായകരമായി ?

**Marks : (4)**

**Ans.**

- ഇബാദത്ത്ഖാന ചർകളുടെ സാരാംശം ഉൾക്കൊണ്ട് രൂപപ്പെടുത്തിയ ആശയസംഹിതയാണ് ദിൻ-ഇ-ഇലാഹി.
- വിവിധ മതങ്ങളുടെ ആശയങ്ങളും തത്വസംഹിതകളും ഉൾച്ചേർന്നിരിക്കുന്നു.
- മതഗ്രന്ഥങ്ങളോ, ആചാരങ്ങളോ, ആരാധന സ്ഥലങ്ങളോ, പുരോഹിതന്മാരോ ഉണ്ടായിരുന്നില്ല.
- സുൽഹ്-കുൽ (എല്ലാവർക്കും സമാധാനം) എന്നതായിരുന്നു അടിസ്ഥാനം.
- പ്രവേശന ചടങ്ങുകൾ ഉണ്ടായിരുന്നു. (ഓരോ സ്കോർ വീതം)

**Que.20.** മറാത്തഭരണകാലത്ത് നിലനിന്നിരുന്ന അഷ്ടപ്രധാൻ എന്ന സമിതിയെ കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.

**Marks : (4)**

**Ans.**

- അഷ്ടപ്രധാൻ - ശിവജിഭരണകാര്യങ്ങളിൽ സഹായിക്കാൻ രൂപീകരിച്ച സമിതി.
- പേഷ്വ, ന്യായാധ്യക്ഷൻ, അമാത്യൻ, സചിവൻ, മന്ത്രി, പണ്ഡിതറാവു, സുമന്ത്, സേനാപതി.

**Que.21.** അക്ബർ ചക്രവർത്തി നടപ്പിലാക്കിയ മാൻസബ്ദാരി സമ്പ്രദായത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

**Marks : (4)**

**Ans.**

- ഉദ്യോഗസ്ഥരുടെ പദവി, ശബളം, സൈനിക പദവി എന്നിവ നിർണ്ണയിച്ചു.
- ഓരോ മാൻസബിനും സത്, സവർ എന്നിങ്ങനെ രണ്ട് ഉപവിഭാഗങ്ങൾ.

- പദവി നിർണ്ണയിച്ചിരുന്നത് കുതിരപടയാളികളുടെയും കുതിരയുടെയും എണ്ണത്തെ അടിസ്ഥാനമാക്കി.
- സത് സൈന്യത്തിൽ ഒരു വ്യക്തിയുടെ സ്ഥാനവും സവർ ഒരാൾ സംരക്ഷിക്കേണ്ട കുതിരപ്പടയാളികളുടെ എണ്ണം. (ഓരോ സ്കോർ വീതം)

**Que.22.** ശിവജിയുടെ കാലത്തെ മറാത്തഭരണത്തിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക.

**Marks : (2)**

**Ans.**

- ഭരണത്തിൽ സഹായിക്കാൻ അഷ്ടപ്രധാൻ എന്ന സമിതി
- ശക്തമായ രഹസ്യാന്വേഷണ സംവിധാനം, പ്രാദേശികഭരണം (ഓരോ സ്കോർ വീതം)

**Que.23.** വിജയനഗര സാമ്രാജ്യത്തിൽ നിലനിന്നിരുന്ന നായങ്കര, അയ്യഗാർ സമ്പ്രദായങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്?

**Marks : (4)**

**Ans.**

- കേന്ദ്രഭരണം, നായങ്കര, പ്രാദേശിക ഭരണം അയ്യഗാർ.
- പ്രവിശ്യാഗവർണ്ണർമാർ സൈന്യത്തെ നിലനിർത്തിയിരുന്നു. നായക് എന്ന പദവിയും നിശ്ചിതഭൂമിയും നൽകിയിരുന്നു. രാജാവിൽ അധിഷ്ഠിതമായ ഈ കേന്ദ്രഭരണം നായങ്കര എന്നറിയപ്പെടുന്നു.
- ഗ്രാമഭരണം അയ്യഗാർമാരാണ് നിർവ്വഹിച്ചിരുന്നത്. ഇത് അയ്യഗാർ സമ്പ്രദായമെന്ന് അറിയപ്പെടുന്നു.

**Que.24.** ചോളഭരണകാലത്ത് ഗ്രാമഭരണത്തിനായി നിലനിന്നിരുന്ന സമിതികളുടെ പേരെഴുതുക. ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുക.

**Marks : (4)**

**Ans.**

- സഭ, ഊർ
- ഗ്രാമത്തിലെ എല്ലാ ജനങ്ങളും ഉൾപ്പെടുന്നതാണ് ഊർ.

- ബ്രാഹ്മണർ മാത്രം ഉൾട്ടതാണഅ സഭ.
- ക്ഷേത്രപരിസരങ്ങളിലാണ് ഈ സമിതികൾ ചേർന്നിരുന്നത്. (ഓരോ സ്കോർ വീതം)

**Que.25.** ചോളഭരണകാലത്ത് ഗ്രാമസ്വംയഭരണത്തിനായി പ്രവർത്തിച്ചിരുന്ന സമിതികളിലൊന്നായ സഭ യുടെ അധികാരങ്ങൾ എഴുതുക.

**Marks : (3)**

**Ans.**

- ഭൂമിഅളന്ന് തിട്ടപ്പെടുത്തി നികുതി സ്വീകരിക്കുക.
- രേഖകളും കണക്കുകളും സൂക്ഷിക്കുക.
- ഗ്രാമത്തിലെ നീതിന്യായ ഭരണം നടത്തുക.
- ക്ഷേത്രത്തിനുവേണ്ടി ഭൂമി സ്വീകരിക്കുക.
- ജനക്ഷേമത്തിനുവേണ്ടിയുള്ള മരാമത്ത് പണികൾ നടത്തുക.

(ഏതെങ്കിലും 3 എണ്ണം എഴുതുക. ഓരോ സ്കോർ വീതം)

**Que.26.** ചോളഭരണകാലത്ത് ഗ്രാമഭരണത്തിനായി പ്രവർത്തിച്ചിരുന്ന രണ്ട് സമിതികൾ ഏവ?

**Marks : (2)**

**Ans.**

- ഊർ
- സഭ

**Que.27.** ചോളഭരണകാലത്ത് നിലനിന്നിരുന്ന ഗ്രാമസ്വയംഭരണം ആധുനിക കാലഘട്ടത്തിലെ തദ്ദേശസ്വയംഭരണ രീതിയോട് വളരെയേറെ സമാനകയുള്ളതാണ്. സമർത്ഥിക്കുക.

**Marks : (6)**

**Ans.**

- ഗ്രാമഭരണത്തിന് ഊർ, സഭ എന്നീ രണ്ട് സമിതികൾ
- സഭയെ പല പഞ്ചായത്തുകളായി വിഭജിച്ചു.
- തിരഞ്ഞെടുപ്പും നറുക്കെടുപ്പിലൂടെയും പഞ്ചായത്ത് അംഗങ്ങളെ നിയമിച്ചിരുന്നു.

- വർഷം തോറുമുള്ള തിരഞ്ഞെടുപ്പ്.
- ഒരാൾക്ക് തുടർച്ചയായി മൂന്നുതവണമാത്രം അവസരം.
- കൈക്കൂലി, കളവ് തുടങ്ങിയ കുറ്റങ്ങൾ ആരോപിക്കപ്പെട്ടാൽ ആയോഗ്യത.
- നികുതിപിരിവ്, മരാമത്ത് പണികൾ, നീതിന്യായഭരണം, കണക്കുകൾ സൂക്ഷിക്കൽ തുടങ്ങിയവ സഭയാണ് ചെയ്തിരുന്നത്.
- ആധുനിക കാലഘട്ടത്തിലെ തദ്ദേശ സ്വയം ഭരണ സംവിധാനവുമായി താരതമ്യം ചെയ്യുന്നു.

(ഓരോ സ്കോർ വീതം)

**Que.28.** ഇന്ത്യയിലെ എല്ലാവിഭാഗം ജനങ്ങളുടെയും പിൻതുണയുള്ള ഭരണാധികാരിയാവുക എന്നതായിരുന്നു അക്ബർചക്രവർത്തിയുടെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ അദ്ദേഹം സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**Marks : (4)**

**Ans.**

- ബാദ്ഷാ-ഇ-ഹിന്ദ് (ഇന്ത്യയുടെ ചക്രവർത്തി) എന്ന സ്ഥാനം സ്വീകരിച്ചു.
- എല്ലാമതങ്ങളുടെയും ആശയങ്ങൾ ഉൾക്കൊള്ളിച്ച് ദിൻ-ഇ-ഇലാഹി എന്ന പുതിയ വിശ്വാസത്തിന് രൂപം നല്കി.
- രജപുത്രരായ രാജാ തോഡർമാൾ, ബീർബൽ, മാൻസിങ് തുടങ്ങിയവരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിച്ചു.
- രജപുത്ര സ്ത്രീകളുമായി വിവാഹബന്ധത്തിലേർപ്പെട്ടു. (ഓരോ സ്കോർ വീതം)

**Que.29.** അലാവുദ്ദീൻ ഖൽജി നടപ്പിലാക്കിയ കമ്പോള പരിഷ്കരണം സുശക്തമായ ഭരണസംവിധാനം രൂപപ്പെടുത്താൻ എത്രമാത്രം സഹായകരമായെന്ന് വിലയിരുത്തുക.

**Marks : (4)**

**Ans.**

- അവശ്യസാധനങ്ങളുടെ വില സർക്കാർ നിശ്ചയിച്ചു.
- പൂഴ്ത്തിവെയ്പ്പ്, കരിഞ്ചന്ത എന്നിവയ്ക്ക് കനത്തശിക്ഷ.
- അളവുകളും തൂക്കങ്ങളും ഏകീകരിച്ചു.
- ധാന്യസംഭരണശാലകൾ/ധാന്യസംഭരണം.

- കമ്പോളനിയമങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥരെ നിയമിച്ചു.

(ഏതെങ്കിലും 4 എണ്ണത്തെ അടിസ്ഥാനമാക്കി ഉത്തരം എഴുതി സമർത്ഥിക്കുന്നതിന് ഓരോ സ്കോർ വീതം)

**Que.30.** സൽത്തനത്ത് ഭരണത്തിന്റെയും മുഗൾഭരണത്തിന്റെയും പൊതുവായ സവിശേഷതകൾ എഴുതുക.

**Marks : (4)**

**Ans.**

- തുർക്കിപാരമ്പര്യത്തിന്റെ സ്വാധീനം
- അധികാരം രാജിവിൽ കേന്ദ്രീകൃതം
- സൈനികശക്തിയിൽ അധിഷ്ഠിതം
- മന്ത്രിമാരും ഉദ്യോഗസ്ഥവൃന്ദവും രാജിവിനെ ഭരണകാര്യത്തിൽ സഹായിച്ചിരുന്നു.
- പ്രാദേശിക ഭരണരീതിയിലെ സമാനതകൾ.

(ഏതെങ്കിലും 4 എണ്ണം എഴുതുക. ഒരു സ്കോർ വീതം)

**Que.31.** സൽത്തനത്ത് ഭരണത്തിന്റെ നാല് സവിശേഷതകൾ എഴുതുക.

**Marks : (4)**

**Ans.**

- ഭരണം, നീതിന്യായം, സൈന്യം എന്നിവയുടെ തലവൻ സുൽത്താനായിരുന്നു.
- ബാഗിദാദിലെ ഖലീഫയുടെ നേതൃത്വം അംഗീകരിച്ചിരിക്കുന്നു.
- ശക്തമായ സൈന്യത്തെ നിലനിർത്തി.
- തുർക്കി പാരമ്പര്യത്തിന്റെ സ്വാധീനം.
- സുൽത്താനെ ഭരണകാര്യങ്ങളിൽ സഹായിക്കാൻ മന്ത്രിമാരും നിരവധി ഉദ്യോഗസ്ഥർമാരും.
- കൃത്യമായ പിൻതുടർച്ചാവകാശ നിയമം ഉണ്ടായിരുന്നില്ല.
- ഭരണ സൗകര്യത്തിനായി രാജ്യത്തെ വിഭജിച്ചു.
- ഗ്രാമതലത്തിൽ പ്രാദേശിക നിയമങ്ങൾ.

**Que.32.** അലാവുദ്ദീൻ ഖൽജി നടപ്പിലാക്കിയ കമ്പോള പരിഷ്കരണത്തിന്റെ പ്രധാന ലക്ഷ്യമെന്ത്?

**Marks : (2)**

**Ans.** കുറഞ്ഞ ചെലവിൽ വലിയൊരു സൈന്യത്തെ നിലനിർത്തുക.

**Que.33.** ചോളഭരണകാലത്ത് ബ്രാഹ്മണർ മാത്രം ഉൾപ്പെട്ട സമിതി ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

(ഊർ, കൊട്ടം, സഭ, മണ്ഡലം)

**Marks : (1)**

**Ans.** സഭ

**Que.34.** സൽത്തനത്ത്, മുഗൾ രാജവംശങ്ങളുടെ കാലത്തെ പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തീകരിക്കുക.

| സൽത്തനത്ത് കാലം | മുഗൾഭരണകാലം |
|---|---|
| പ്രവിശ്യകൾ | c ...................... |
| a ...................... | സർക്കാരുകൾ |
| പർഗാനകൾ | d ...................... |
| b ...................... | ഗ്രാമങ്ങൾ |

**Marks : (4)**


**Ans.** a. ഷിഖുകൾ

b. ഗ്രാമങ്ങൾ

c. സുബകൾ

d. പർഗാനകൾ

**Que.35.** ശിവജിയെ ഭരണത്തിൽ സഹായിച്ചിരുന്ന അഷ്ടപ്രധാൻ എന്ന സമിതിയുമായി ബന്ധപ്പെട്ട പദസൂര്യൻ പൂർത്തിയാക്കുക.




**Marks : (4)**

**Ans.** a. സുമന്ത്     b. പണ്ഡിതറാവു

c. സചിവൻ     d. ന്യായാധ്യക്ഷൻ

**Que.36.** Aകോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ ക്രമപ്പെടുത്തി എഴുതുക.

| A | B | C |
|---|---|---|
| സ്വരാജ്യ | അയ്യഗാർ | മുഗൾഭരണം |
| സത് | വാരിയപെരുമകൾ | വിജയനഗരസാമ്രാജ്യം |
| പെരുമക്കൾ | സവർ | മറാത്തഭരണം |
| നായങ്കര | മൊഗാളൈ | ചോളഭരണം |

**Marks : (4)**

**Ans.**

| A | B | C |
| --- | --- | --- |
| സ്വരാജ്യ | മൊഗാളൈ | മറാത്തഭരണം |
| സത് | സവർ | മുഗൾഭരണം |
| പെരുമക്കൾ | വാരിയപെരുമകൾ | ചോളഭരണം |
| നായങ്കര | അയ്യഗാർ | വിജയനഗരസാമ്രാജ്യം |

**Que.37.**

1. മധ്യകാല ഇന്ത്യയിലെ പ്രദേശിക ഭരണരീതികൾ ചുവടെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

സൂചന - മറാത്തഭരണം

- വിജയനഗര സാമ്രാജ്യം

- ചോളഭരണം

**Marks : (6)**

**Ans.**

- ജില്ലകൾ (പ്രാന്തങ്ങൾ), പർഗാനകൾ, ഗ്രാമങ്ങൾ (മറാത്തസാമ്രാജ്യം)
- ഭരണസൗകര്യത്തിനുവേണ്ടി സാമ്രാജ്യത്തെ പ്രവിശ്യകൾ, നാടുകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചു (വിജയനഗരം, സാമ്രജ്യം)
- 

  ഭരണസൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ, വളനാടുകൾ, നാടുകൾ, കൊട്ടം എന്നിങ്ങനെ വിഭജിച്ചിരുന്നു. (ചോളഭരണം)

  സ്വരാജ്യ, മൊഗളൈ

(ഓരോന്നിനും 2 സ്കോർ വീതം - വിശദമാക്കുന്നതിന്)

**Que.38.** മധ്യകാല ഇന്ത്യയിലെ പ്രാദേശിക ഭരണരീതികളെക്കുറിച്ച് ചുവടെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക.

സൂചന -

- സൽസനത്ത് ഭരണം

- മുഗൾഭരണം

- മറാത്തഭരണം

**Marks : (6)**

**Ans.**

- സൽസനത്ത് - പ്രവിശ്യ, ഷിഖുകൾ, പർഗാനകൾ, ഗ്രാമങ്ങൾ
- മുഗൾ - സുബകൾ, സർക്കാരുകൾ, പർഗാനകൾ, ഗ്രാമങ്ങൾ
- മറാത്ത – പ്രാന്തങ്ങൾ, പർഗാനകൾ, ഗ്രാമങ്ങൾ

പ്രദേശഭരണരീതികൾ വിശദീകരിക്കുന്നു.

**Que.39.** സൽത്തനത്ത് ഭരണകാലത്ത് നിലനിന്നിരുന്ന ഇഖ്ത സമ്പ്രദായവും അക്ബർ ചക്രവർത്തിയുടെ ഭരണകാലത്തെ ജാഗിർദാരി സമ്പ്രദായവും തമ്മിലുള്ള സാമ്യവ്യത്യസങ്ങൾ എന്തെല്ലാം?

**Marks : (6)**

**Ans.** സമാനതകൾ

- ഭൂമിയുടെ അവകാശം സൈനിക മേധാവികളായ പ്രഭുക്കന്മാർക്ക്.
- സ്വന്തമായി സൈന്യത്തെ നിലനിർത്താനുള്ള അവകാശം.
- നികുതിപിരിവിനുള്ള അവകാശം.
- സ്വതന്ത്രമായ അധികാര ഇല്ല.

  വ്യത്യാസങ്ങൾ

- സൽത്തനത്ത് കാലത്ത് ഇഖ്താദാർ എന്നറിയപ്പെട്ടിരുന്നുവെങ്കിൽ അക്ബറിന്റെ കാലത്ത് ജാഗിർദാർ എന്നാണ് അറിയപ്പെട്ടിരുന്നത്.
- ജാഗിർദാർമാരെ സ്ഥലം മാറ്റി നിയമിച്ചിരുന്നു. എന്നാൽ ഇഖ്താദാർമാരെ സ്ഥലം മാറ്റിയിരുന്നില്ല.
- ജാഗിർദാർമാർ അവർക്ക് ലഭിച്ച ഭൂമിയിൽ താമസിക്കുകയോ ഭരണനിർവ്വഹണം നടത്തുകയോ ചെയ്തിരുന്നില്ല.

(സമാനതകൾ 3 എണ്ണം, വ്യത്യാസങ്ങൾ 3 എണ്ണം എഴുതുന്നതിന് ഓരോ സ്കോർ വീതം)

**Que.40.** അഷ്ടപ്രധാൻ എന്ന സമിതിയിലെ ചില മന്ത്രിമാരും അവരുടെ ചുമതലകളും ഉൾപ്പെടുന്ന പട്ടിക പൂർത്തീയാക്കുക.

| മന്ത്രി | ചുമതലകൾ |
|---|---|
| സേനാപതി | സൈനികം |
| a) ................................ | മതകാര്യം, ദാനധർമ്മം |
| സുമന്ത് | b) ................................. |
| c) ................................. | പ്രധാനമന്ത്രി |
| അമാത്യൻ | d) ................................. |

**Marks : (4)**

**Ans.** a. പണ്ഡിതറാവു

b. വിദേശകാര്യം

c. പേഷ്വ

a. പണ്ഡിതറാവു

b. വിദേശകാര്യം

c. പേഷ്വ

d. ധനകാര്യം